പാലക്കാട് ജില്ലാ സ്പോർട്സ് കൗൺസിൽ സംബന്ധിച്ച പരാതി

865 [1871] ശ്രീ. പി. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലാ സ്പോർട്സ് കൗൺസിലിനെ സംബന്ധിച്ച് എന്തെങ്കിലും പരാതി ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിൻമേൽ ഗവൺമെന്റ് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) പാലക്കാട് ജില്ലാ സ്പോർട്സ് കൗൺസിലിനെ സംബന്ധിച്ച് പരാതികളൊന്നും കിട്ടിയതായി കാണുന്നില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ഫുട്ബാൾ കളിക്കാർക്കുള്ള പെൻഷൻ

866 [1872] ശ്രീ. എം. പി. എ. ഇസ്ഹാക്കു കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിൽ നിന്നും ഫുട്ബാൾ കളിക്കാർക്കുള്ള പെൻഷനും മറ്റാനുകൂല്യങ്ങൾക്കുമായി അപേക്ഷ ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര അപേക്ഷ ലഭിച്ചു ;

(സി) എത്രപേർക്ക് സഹായധനം അനുവദിച്ചു ?

ഉത്തരം

(എ) ഉണ്ട്.

(ബി) 9 (ഒൻപത്)

(സി) ഇതു കമ്മിറ്റിയുടെ പരിഗണനയിൽ ഇരിക്കുകയാണ്.

സ്പോർട്സ് കൗൺസിൽ പ്രോൽസാഹനം നൽകുന്ന കേരളീയ കളികൾ

867 [1873] ശ്രീ. കാനം രാജേന്ദ്രൻ :
,, കെ. ടി. കുമാരൻ :
,, എം. കെ. കേശവൻ :
,, കെ. പി. പ്രഭാകരൻ :
,, ഡോ. എ൯ സുബ്ബറാവു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളാ സ്പോർട്സ് കൗൺസിൽ രൂപമെടുത്തകാലത്ത് കേരളത്തിൽ കേരളീയമായ ഏതെല്ലാം കളികൾ ഉണ്ടായിരുന്നു :

LIBRARY ARCHIVES Kerala Legislative Assembly

(ബി) അവയിൽ ഏതെല്ലാം നൽകി വിനോദങ്ങൾക്ക് സ്പോർട്സ് കൗൺസിൽ ഇപ്പോൾ പ്രോൽസാഹനം നൽകിവരുന്നു?

ഉത്തരം

(എ) കേരള സ്പോർട്സ് കൗൺസിൽ രൂപമെടുത്തകാലത്ത് താഴെ പറയുന്ന കേരളീയകളികൾ ഉണ്ടായിരുന്നതായി അറിയുന്നു.

1. കളരിപ്പയറ്റ്
2. കിളിത്തട്ട്
3. തലപ്പന്തുകളി
4. കുട്ടിയുംകോലുംകളി.

(ബി) കളരിപ്പയറ്റിന്റെ പ്രോൽസാഹനാർത്ഥം കേരളാ കളരിപ്പയറ്റ് അസോസിയേഷന് ധനസഹായം നൽകിവരുന്നു.

(iv) 1986 ജൂലായ് 10-ാം തീയതിയിലേക്ക് നിശ്ചയിച്ചിരുന്ന ചോദ്യോത്തരങ്ങൾ*

സഹകരണ സംഘങ്ങളിലെ ക്രമക്കേടുകൾ കണ്ടുപിടിക്കാനുള്ള സംവിധാനം

868 [248] ശ്രീ. വി. ജെ. തങ്കപ്പൻ:
,, പി. കെ. കുഞ്ഞാലിക്കുട്ടി:
,, എ. വി. അബ്ദുറഹിമാൻ ഹാജി:
,, പി. എം. അബൂബേക്കർ:
,, കെ. പി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങളിലെ ക്രമക്കേടുകൾ കണ്ടുപിടിക്കുന്നതിന് നിലവിലുള്ള സംവിധാനം എന്താണ്;

(ബി) സംസ്ഥാനത്തെ സഹകരണ് സ്ഥാപനങ്ങളിൽ 'ഓഡിറ്റിംഗ്' കൃത്യമായി നടക്കുന്നില്ല എന്നുള്ള വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഓഡിറ്റിംഗ് കാര്യക്ഷമമാക്കാനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സഹകരണവകുപ്പിലെ വിവിധ തലത്തിലുള്ള ഉദ്യോഗസ്ഥൻമാരുടേയും ആ വകുപ്പിലെ വിജിലൻസ് സ്കാഡിന്റേയും കാലാകാലങ്ങളിലുള്ള പരിശോധനയും (മിന്നൽ പരിശോധനയുൾപ്പെടെ) സഹകരണ സംഘം ഓഡിറ്റർമാരുടെ (കൺകറന്റ് ഓഡിറ്റർമാരുൾപ്പെടെ)

*1986 ജൂലായ് 10-ാം തീയതി നിയമസഭ ബഹളം കാരണം നേരത്തേ പിരിഞ്ഞതിനാൽ പ്രസ്തുത ദിവസത്തെ ചോദ്യോത്തരങ്ങൾ അൺസ്റ്റാർഡായിട്ട് പരിഗണിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly